പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2849

18.06.2018 ൽ മറുപടിയ്ക്ക്

**ദേശീയ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോഴ്സുകൾ**

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ദേശീയ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോഴ്സുകൾ ഈ അദ്ധ്യയന വർഷം ആരംഭിക്കുമോ; വിശദമാക്കുമോ; | (എ) & (ബി) ദേശീയ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോഴ്സുകൾ ഈ അദ്ധ്യയന വർഷം 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യു.സി (National Skill Qualification Committee) അംഗീകരിച്ച 12 ജോബ് റോളുകളാണ് പ്രസ്തുത സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കോഴ്സുകളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത കോഴ്സുകളുടെ നടത്തിപ്പ് ചുമതല നിക്ഷിപ്തമായിരിക്കുന്നത് ആരിലാണെന്ന് വിശദമാക്കുമോ; | ഈ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന 12 ജോബ് റോളുകളാണ് നടപ്പിലാക്കുന്നത്<br>1. Installation Technician-Computing Peripherals<br>2. Optical Fibre Technician<br>3. Distribution Linemen<br>4. Cable Jointer- Electrical Power System<br>5. Domestic Biometric Data Entry Operator<br>6. Micro Irrigation Technician<br>7. Floriculturist (Open Cultivation)<br>8. Gardener<br>9. General Duty Assistant<br>10. Beauty therapist<br>11. Meet and Greet Officer<br>12. Sales Associates<br><br>ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി നടപ്പിലാക്കുന്നത് പൊതുവിദ്യാഭ്യാസവുമായി ഉൾച്ചേർത്തുകൊണ്ടായതിനാൽ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന് ആയിരിക്കും ഇത്തരം സ്കൂളുകളുടെ നടത്തിപ്പ് ചുമതല. എന്നാൽ നിലവിൽ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മാത്രം ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനാൽ ആരംഭദിശയിൽ പ്രവേശന നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നത് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് ആയിരിക്കും |
| (സി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനായി ഏതെല്ലാം സ്രോതസുകളിൽ നിന്നുമാണ് ധനസമാഹരണം നടത്തുന്നതെന്ന് വിശദമാക്കുമോ? | കേന്ദ്ര സർക്കാരിന്റെ VSHSE (Vocationalisation of Secondary & Higher Secondary Education) പ്രകാരമാണ് സ്കൂൾ തലത്തിൽ സഹായം ലഭ്യമാകുന്നത്. ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും വഹിക്കേണ്ടിവരും. |

സെക്ഷൻ ഓഫീസർ